പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 540

06.02.2013 -ൽ
മറുപടിയ്ക്ക്

## ഖാദി വ്യവസായ സംരക്ഷണം

ചോദ്യം
ശ്രീമതി. ഗീതാ ഗോപി

ഉത്തരം

സി.എൻ. ബാലകൃഷ്ണൻ
(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഖാദി ഗ്രാമവ്യവസായ സംരക്ഷണത്തിന്റെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംസ്ഥാന സർക്കാർ ജീവനക്കാർ ഖാദി വസ്ത്രം ധരിക്കണമെന്ന നിബന്ധന നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഏതു ദിവസമാണ്; പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാകുന്നുണ്ടോ; | (എ) | പരമ്പരാഗത മേഖലയായ ഖാദി/ കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ ഖാദി/ കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ, ബുധനാഴ്ചകളിൽ, എല്ലാ സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖല/ സഹകരണ മേഖലയിലെ ജീവനക്കാരും ഖാദി/കൈത്തറി വസ്ത്രം ധരിയ്ക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാകുന്നുണ്ട്. |
| (ബി) | പ്രസ്തുത നിബന്ധന ഖാദി വ്യവസായത്തിന് നേട്ടമുണ്ടാക്കിയോ; എങ്കിൽ വില്പനയിൽ എത്ര ശതമാനം വാർഷിക വർദ്ധനവ് ഉണ്ടായെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്.<br>വർദ്ധനവിന്റെ തോത് പ്രത്യേകം കണക്കാക്കിയിട്ടില്ല. |
| (സി) | ഖാദി വ്യവസായ സംരക്ഷണത്തിന് മറ്റെന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ ? | (സി) | വർഷം മുഴുവനും 10% സാധാരണ റിബേറ്റും, ഉത്സവകാലങ്ങളിൽ 108 ദിവസം 10% സ്പെഷ്യൽ റിബേറ്റും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ